# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം 2383 14.06.2019- ൽ മറുപടിക്ക്**

## ചേന്ദമംഗലം കൈത്തറി

| ചോദ്യം<br>ശ്രീ.വി.ഡി.സതീശൻ | ഉത്തരം<br>ശ്രീ.ഇ.പി.ജയരാജൻ<br>(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി) |
|---|---|
| (എ) പ്രളയത്തിൽ തകർന്ന ചേന്ദമംഗലം കൈത്തറിയെ പുനരുജ്ജീവിപ്പിക്കവാൻ എന്തൊക്കെ നടപടികളാണ് വ്യവസായ വകുപ്പ് കൈക്കൊണ്ടതെന്ന് അറിയിക്കാമോ; | (എ) എറണാകുളം ജില്ലയിലെ ചേന്ദമംഗലത്ത് 9 കൈത്തറി സംഘങ്ങളും ഒരു യാൺ ബാങ്കും പ്രളയത്തിൽ അകപ്പെട്ടു. പ്രളയത്തിന്റെ നാശനഷ്ടം വിലയിരുത്തുന്നതിനായി വ്യവസായ വകുപ്പ് പ്രതിനിധികൾ ഈ പ്രദേശം സന്ദർശിച്ച് നാശനഷ്ടങ്ങൾ തിട്ടപ്പെടുത്തുകയും എം.എൽ.എ മാർ, ജില്ലാ ഭരണകൂടം, വ്യവസായവകുപ്പ് ഉദ്യോഗസ്ഥർ, കൈത്തറി സംഘങ്ങളുടെ പ്രതിനിധികൾ എന്നിവരുമായി കൂടിയാലോചന നടത്തുകയുമുണ്ടായി. ഇതിനെ തുടർന്നു ചേർന്ന 2 യോഗങ്ങളിലുമായി ഈ സംഘങ്ങളെ പുനരുദ്ധരിക്കുന്നതിനായി ഒരു ആക്ഷൻ പ്ലാൻ തയ്യാറാക്കുകയും ചെയ്തു. സർക്കാർ പദ്ധതിയിലും സി.എസ്.ആർ ഫണ്ടിലൂടെയും ലഭിക്കുന്ന ധനസഹായത്തോടെ ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്ന തീരുമാനം കൈക്കൊള്ളുകയും ഇതിലേയ്ക്കായി ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുമുണ്ട്. പ്രളയക്കെടുതിയിൽ 2.84 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ വിവിധ സ്ഥാപനങ്ങളുടെ സഹായത്തോടെ ഉപയോഗയോഗ്യമായ തറിയും തറി ഉപകരണങ്ങളും റിപ്പയർ ചെയ്തും പുതിയ തറികൾ അനുവദിച്ചും 255 തറികൾ പ്രവർത്തനക്ഷമമാക്കുകയും തൊഴിലാളികൾക്ക് പൂർണ്ണമായും ജോലി നൽകുകയും ചെയ്തു. ഈ പ്രദേശത്ത് നെയ്ത്തിന് മുന്നൊരുക്കം നടത്തുന്നതിനായി ഒരു കോമൺ ഫെസിലിറ്റി സെന്റർ സ്ഥാപിക്കുന്നതിനായി |

2.35 കോടി രൂപയുടെ പദ്ധതിയ്ക്ക് അംഗീകാരം നൽകുകയും 2019-20 സാമ്പത്തിക വർഷം ഇതിലേയ്ക്കായി സർക്കാർ വിഹിതമായി 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രളയത്തിൽ ചേന്ദമംഗലം കൈത്തറി മേഖലയിൽ ഉണ്ടായ നഷ്ടം എത്രയാണ്; വിശദമാക്കാമോ;

(ബി) പ്രളയത്തിൽ ചേന്ദമംഗലം കൈത്തറി മേഖലയിലെ കൈത്തറി നെയ്ത്തു സംഘങ്ങൾക്ക് 2.84 കോടി രൂപയുടെ നാശനഷ്ടങ്ങൾ ഉണ്ടായതായിട്ടാണ് കണക്കാക്കിയിട്ടുള്ളത്. അവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| 1 | തറിയും അനുബന്ധ ഉപകരണങ്ങളും | 76.64 |
| 2 | ഡൈ ഹൗസ് | 3.96 |
| 3 | വർക്ക് ഷെഡ് | 0.40 |
| 4 | കെട്ടിടം | 24.16 |
| 5 | ഫർണീച്ചർ & ഫിറ്റിംഗ്സ് | 32.83 |
| 6 | അസംസ്കൃത വസ്തുക്കൾ (യാൺ,ഡൈ&കെമിക്കൽസ്) | 66.66 |
| 7 | കൈത്തറി ഉത്പന്നങ്ങൾ | 79.99 |
| | **ആകെ** | **284.64** |

(സി) പ്രസ്തുത നഷ്ടം നികത്തുന്നതിന് എന്തൊക്കെ സഹായങ്ങളാണ് നൽകിയതെന്ന് അറിയിക്കാമോ;

(സി) കൊച്ചിൻ ഷിപ്‌യാർഡ്, ഭാരത് പെട്രോളിയം കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ, വിവിധ സർക്കാരിതേര സ്ഥാപനങ്ങൾ തുടങ്ങിയവയുടെ ധനസഹായങ്ങൾ പ്രളയക്കെടുതിയിൽ അകപ്പെട്ട ചേന്ദമംഗലം കൈത്തറി മേഖലയുടെ പുനരുദ്ധാരണത്തിനായി ലഭിച്ചിട്ടുണ്ട്.ഇവരുടെ നിർലോഭമായ സഹായങ്ങളെ തുടർന്ന് കേടുപാടുകൾ പറ്റിയ എല്ലാ തറികളും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.കൂടാതെ ഉപയോഗയോഗ്യമായ നൂലും തുണികളും ഉപയോഗപ്പെടുത്തിയിട്ടുണ്ട്.

| | |
|---|---|
| (ഡി) സ്കൂൾ വിദ്യാർത്ഥികൾക്കാവശ്യമായ കൈത്തറി തുണിത്തരങ്ങൾക്കുള്ള ഓർഡർ ചേന്ദമംഗലം കൈത്തറി സഹകരണ സംഘത്തിന് നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ? | (ഡി) കൈത്തറി സ്കൂൾ യൂണിഫോം തുണി നെയ്യുന്നത് കൈത്തറി സംഘങ്ങളിലൂടെയാണ്. സന്നദ്ധരായ കൈത്തറി സംഘങ്ങൾക്ക് ടാർജറ്റ് നിശ്ചയിച്ച് നൂലും കൂലിയും നൽകി തുണി ഉൽപാദിപ്പിക്കുന്ന രീതിയാണ് അവലംബിച്ചിരിക്കുന്നത്. ഈ പദ്ധതിക്കായി ചേന്ദമംഗലം പ്രദേശത്ത് 5 പ്രാഥമിക കൈത്തറി സംഘങ്ങളിലെ 82 നെയ്ത്തുകാർ ഈ പദ്ധതിയിൽ ഏർപ്പെട്ട് തുണി നെയ്ത്ത് വരുന്നു. |

**സെക്ഷൻ ഓഫീസർ**

അനുബന്ധം

## പ്രളയാനന്തരം പ്രവർത്തനക്ഷമമാക്കിയ തറികളുടെ വിവരങ്ങൾ (ഒന്നാം ഘട്ടം)(31.01.2019)

| ക്രമ നം | സംഘത്തിന്റെ പേര് | കേടുവന്ന തറികൾ | പ്രവർത്തന ക്ഷമമായവ | പുതിയ തറികൾ |
|---|---|---|---|---|
| 1 | പറവൂർ ടൗൺ കൈത്തറി നെയ്ത്തു സഹകരണ സംഘം (E)-1 | 39 | 39 | - |
| 2 | ചേന്ദമംഗലം-കരിമ്പാടം കൈത്തറി നെയ്ത്തു സഹകരണ സംഘം-191 | 42 | 39 | 4 |
| 3 | ചേന്ദമംഗലം കൈത്തറി നെയ്ത്തു സഹകരണ സംഘം-47 | 99 | 92 | - |
| 4 | കര്യാപ്പിള്ളി കൈത്തറി നെയ്ത്തു സഹകരണ സംഘം-3476 | 16 | 16 | - |
| 5 | പറവൂർ കൈത്തറി നെയ്ത്തു സഹകരണ സംഘം-3428 | 46 | 46 | 10 |
| 6 | ചെറായി കൈത്തറി നെയ്ത്തു സഹകരണ സംഘം-648 | 5 | 5 | - |
| 7 | പള്ളിപ്പുറം-കുഴുപ്പിള്ളി കൈത്തറി നെയ്ത്തു സഹകരണ സംഘം-128 | 8 | 8 | - |
| | **ആകെ** | **255** | **245** | **14** |

സെക്ഷൻ ഓഫീസർ